**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2960** **14-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് 2021 വർഷം മുതൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് 2021 വർഷം മുതൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ദുർബല പുനരധിവാസ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത കുമ്മാട്ടിക്കുളം കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി 2019-20 പ്രകാരം തിരഞ്ഞെടുത്ത കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ അംബേദ്കർ കോളനി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | ഭൂരഹിതപുനരധിവാസ പദ്ധതി @ 6,00,000 | 14 | 8400000 | 21 | 12600000 | 13 | 7800000 |
| 2 | ദുർബലവിഭാഗം ഭവന നിർമ്മാണം @ 6,00,000 | | | 4 | 2400000 | 3 | 1800000 |
| 3 | ഭവന പൂർത്തീകരണ ധനസഹായം @ 1,50,000 & @ 2,00,000 | 38 | 5700000 | 52 | 6600000 | 21 | 1600000 |
| 4 | പഠനമുറി ധനസഹായം @ 2,00,000 | 17 | 3070000 | 15 | 2010000 | 1 | 30000 |
| 5 | വിവാഹ ധനസഹായം @ 75000 & @ 1,25,000 | 21 | 1575000 | 31 | 2625000 | 11 | 1375000 |
| 6 | മിശ്രവിവാഹ ധനസഹായം @ 75000 | 13 | 975000 | 30 | 2250000 | 19 | 1425000 |
| 7 | ഏകവരുമാനദായകൻ മരണപ്പെട്ടാലുള്ള ധനസഹായം | 9 | 1800000 | 2 | 400000 | 2 | 400000 |
| 8 | വിദേശതൊഴിൽ ധനസഹായം | 2 | 200000 | 2 | 200000 | 1 | 100000 |
| 9 | ചികിത്സാ ധനസഹായം | 11 | 210000 | 18 | 320000 | 17 | 165000 |
| 10 | പ്രോത്സാഹന സമ്മാനം | 18 | 52000 | 23 | 69000 | 25 | 74500 |
| 11 | അയ്യങ്കാളി സ്കോളർഷിപ്പ് | 3 | 13500 | 4 | 18000 | 6 | 27000 |
| 12 | സ്വയം തൊഴിൽ സബ്സിഡി | 2 | 133000 | 2 | 166000 | 1 | 100000 |
| 13 | അംബേദ്കർ ഗ്രാമം പദ്ധതി | | | 1 | അംബേദ്കർ കോളനി, സിവിൽ പ്രവൃത്തി നടക്കുന്നു | | |
| 14 | പ്രൈമറി, **സെക്കന്ററി** എയ്ഡ്, ലംപ്സം ഗ്രാന്റ് | എല്ലാ എസ്.സി വിദ്യാർത്ഥികൾക്കും 750, 900, 1000, 2000 രൂപ നിരക്കിൽ അനുവദിച്ച് വരുന്നു. | | | | | |

**ലംപ്സം ഗ്രാന്റ്**

1 മുതൽ 10 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ ചുവടെ പറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകുന്നു.

| | |
|---|---|
| 1 മുതൽ 4 വരെ | 750/- |
| 5 മുതൽ 7 വരെ | 900/- |
| 8 മുതൽ 10 വരെ - | 1000/- |
| (ഒരു വർഷം തോറ്റവർക്ക് പകുതി തുക നൽകുന്നു | |

**പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്**

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനം എന്ന

| | | |
|---|---|---|
| | | നിലയിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുവാൻ 2000/- രൂപ പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി നൽകുന്നു. |

സെക്ഷൻ ഓഫീസർ